പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4125 27/06/2012-ൽ മറുപടിക്ക്

## ആദിവാസി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം

ചോദ്യം

ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ.പാലോട് രവി
ശ്രീ.സണ്ണി ജോസഫ്
ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി

മറുപടി

കുമാരി.പി.കെ.ജയലക്ഷ്മി

( പട്ടികവർഗ്ഗ ക്ഷേമവും
യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും
മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ആദിവാസി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുവാൻ എന്തൊക്കെ കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; | (എ) | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നതിനും താമസ ഭക്ഷണ സൗകര്യങ്ങളോടു കൂടിയുള്ള 18 ആശ്രമ/ഏകലവ്യാ/മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നു. വീട്ടിൽ നിന്നും ദിവസവും പോയി വന്നു പഠിക്കുന്നതിനു കഴിയാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് താമസിച്ചു പഠിക്കുന്നതിന് 107 പ്രീമെട്രിക്, 3 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എന്നിവ പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ മികച്ച നിലവാരത്തിൽ പ്രവർത്തിച്ചു വരുന്നു. +1 കോഴ്സുകളുള്ള മോഡൽ റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്കൂളുകളിൽ എൻട്രൻസ് കോച്ചിംഗ് ക്ളാസ്സുകൾ നൽകുന്നുണ്ട്. ടി 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഒരെണ്ണം സി.ബി.എസ്.ഇ. |

| | | | | |
|---|---|---|---|---|
| | | | | സിലബസ്സിൽ തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്നു. ഇതിനു പുറമെ മെഡിക്കൽ/ബി.ഡി.എസ്. പ്രവേശന പരീക്ഷയ്ക്കുള്ള ഒരു വർഷം നീണ്ടു നിൽക്കുന്ന പരിശീലന പരിപാടി വകുപ്പുമുഖേന നടത്തി വരുന്നു. പരീക്ഷയ്ക്കു മുന്നോടിയായി ഒരു മാസത്തെ തീവ്ര പരിശീലനം നടത്തി വരുന്നു. പട്ടികവർഗ്ഗ വിഭാഗം വിദ്യാദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ പ്രീമെട്രിക്, പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ, മറ്റർഹവിഭാഗം വിദ്യാർത്ഥികൾക്ക് നല്കിയിരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങളായ LSG, പ്രതിമാസ stipend, പോക്കറ്റ്മണി എന്നിവയുടെ നിരക്കിൽ വർദ്ധന വരുത്തി 1/6/12 മുതൽ പ്രാബല്യം നല്കി ഉത്തരവാകുകയുണ്ടായി.<br>സംസ്ഥാനത്തെ നഴ്സറിതലം മുതൽ ഉന്നത വിദ്യാഭ്യാസ പഠനതലം വരെ പഠനം നടത്തുന്ന അർഹരായ എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥി-കൾക്കും ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ്, ഫീസാനുകൂല്യം എന്നിവ നൽകിവരുന്നുണ്ട്. കൂടാതെ കേന്ദ്ര, സംസ്ഥാന, സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കേന്ദ്ര സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ, വിവിധ യൂണിവേഴ്സിറ്റികളുടെ വിദൂര പഠന കേന്ദ്രങ്ങൾ എന്നിവ വഴി അധ്യയനം നടത്തുന്ന പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം നേടിയവർക്കും ഡീംഡ് യൂണിവേഴ്സിറ്റികളിൽ മെറിറ്റ് |

| | | | |
|---|---|---|---|
| | | | സീറ്റിലും റിസർവേഷൻ സീറ്റിലും പ്രവേശനം നേടുന്നവർക്കും ഫീസ് അടക്കമുള്ള ആനുകൂല്യങ്ങൾ നൽകി വരുന്നു. |
| (ബി) | ഇതിനു വേണ്ടി എല്ലാ ജില്ലകളിലും ആദി വാസികൾക്കായി ഇംഗ്ലീഷ് മീഡിയം സ്കൂൾ ആരംഭിക്കുന്നതിന് മുൻകൈ എടുക്കുമോ; | (ബി) | നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | ഇതിനായി എന്തെല്ലാം നടപടികൾ എടു ത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ? | (സി) | തിരുവനന്തപുരം ജില്ലയിലെ ഞാറനീ ലിയിൽ പ്രവർത്തിച്ചു വരുന്ന ഡോ.അംബേദ്കർ വിദ്യാനികേതൻ സി.ബി.എസ്.ഇ. സ്കൂളിനു പുറമെ മറ്റ് നാലു ജില്ലകളിൽ കൂടി ഇംഗ്ലീഷ് മീഡിയം സ്കൂൾ ആരംഭിക്കുന്നതിനു 15 ഏക്കർ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ